# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മാർച്ച് 31 ചൊവ്വ**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

www.prd.kerala.gov.in.
videos: http://www.clipmail.kerala.gov.in
email: diothrissur@gmail.com

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 1

## അതിഥി തൊഴിലാളികൾ സംതൃപ്തർ: ജില്ലാ കളക്ടർ എസ് ഷാനവാസ്

കോവിഡ് 19 വ്യാപനത്തിനെതിരെ ജില്ലാഭരണകൂടം ഏർപ്പെടുത്തിയ നടപടികളിൽ അതിഥി തൊഴിലാളികൾ സംതൃപ്തരാണെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് പറഞ്ഞു. കൊടകരയിലെ അതിഥി സംസ്ഥാന തൊഴിലാളി ക്യാമ്പുകൾ സന്ദർശിച്ച ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. അതിഥി തൊഴിലാളികൾക്കാവശ്യമായ ആരോഗ്യ സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്താൻ അതത് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കാര്യക്ഷമമായാണ് ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ഇടപെടുന്നത് ജില്ലാ ഭരണകൂടത്തിന്റെ നടപടികളിൽ അതിഥി തൊഴിലാളികൾ സംതൃപ്തരായത് കൊണ്ടാണ് ജില്ലയിൽ അവർക്കിടയിൽ നിന്നു അസ്വസ്ഥതകൾ ഉയരാത്തത്. ജില്ലാ കളക്ടർ പറഞ്ഞു.

അഗതികളെ പാർപ്പിച്ചിരിക്കുന്ന ക്യാമ്പുകളും ജില്ലാ കളക്ടർ സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി. തൃശൂർ ഗവ. ബോയ്സ്, ഗേൾസ് സ്കൂളിലെ ക്യാമ്പുകളാണ് അദ്ദേഹം സന്ദർശിച്ചത്. ക്യാമ്പുകളിൽ ഫോംഗിംഗ് നടത്താനും നിത്യവും അന്തേവാസികളുടെ കണക്കെടുക്കാനും ജില്ലാ കളക്ടർ നിർദ്ദേശിച്ചു. തുടർന്ന് ക്യാമ്പംഗങ്ങൾക്ക് ഭക്ഷണം പാചകം ചെയ്യുന്ന തോപ്പിൽ സ്കൂളിലെ സമൂഹ അടുക്കളും അദ്ദേഹം സന്ദർശിച്ചു. പ്രവർത്തനങ്ങൾ വിലയിരുത്തി. ജില്ലയിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളും സമൂഹവ്യാപനവും തടയാനുള്ള മുന്നൊരുക്കങ്ങളും കാര്യക്ഷമമാണെന്നും സമൂഹ അടുക്കളകൾ അനവധി പേരുടെ വിശപ്പകറ്റാൻ സഹായമാവുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

***ഫോട്ടോ അടിക്കുറിപ്പ്:***
***1) ജില്ലാ കളക്ടർ എസ് ഷാനവാസ് ഗവ. മോഡൽ ബോയ്സ് സ്കൂളിലെ മൈഗ്രന്റ് ലേബർ ക്യാമ്പ് സന്ദർശിക്കുന്നു***
***2) ജില്ലാ കളക്ടർ എസ് ഷാനവാസ് കൊടകരയിലെ മൈഗ്രന്റ് ലേബർ ക്യാമ്പ് സന്ദർശിക്കുന്നു***
***3) ജില്ലാ കളക്ടർ എസ് ഷാനവാസ് തൃശൂർ തോപ്പ് സ്കൂളിലെ സമൂഹ അടുക്കള സന്ദർശിക്കുന്നു***

## സൗജന്യ റേഷൻ വിതരണം ഏപ്രിൽ 1 മുതൽ: തിരക്ക് ഒഴിവാക്കാൻ നടപടികളുമായി ജില്ലാ ഭരണകൂടം

ജില്ലയിൽ ഇന്ന് (ഏപ്രിൽ 1) മുതൽ സൗജന്യ റേഷൻ വിതരണം ആരംഭിക്കുന്ന സാഹചര്യത്തിൽ റേഷൻകടകളിലെ തിരക്കു നിയന്ത്രിക്കാൻ ജില്ലാ ഭരണകൂടം പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ പുറത്തിറക്കി. നിലവിലെ സാഹചര്യത്തിൽ ആരോഗ്യ വകുപ്പ് നിഷ്കർഷിച്ച മുഴുവൻ നിർദ്ദേശങ്ങളും നിർബന്ധമായും പാലിക്കണം. ഒരേസമയം ഒരു റേഷൻകടയിൽ അഞ്ചിൽ കൂടുതൽ ആളുകൾ ക്യൂ നിൽക്കാൻ പാടില്ല. ഒരു മീറ്റർ അകലം പാലിച്ചാവണം ആളുകൾ റേഷൻ വാങ്ങാൻ വരി നിൽക്കേണ്ടത്. റേഷൻ കടയുടെ പരിസരത്തുള്ള നാലു വാർഡുകളിൽ നിന്നുള്ള കാർഡുടമകൾ ഉണ്ടെങ്കിൽ ഓരോ വാർഡിൽ നിന്ന് പരമാവധി 15 എഎവൈ/പിഎച്ച്എച്ച് (മഞ്ഞ/പിങ്ക്) കാർഡുടമകൾ ഓരോ മണിക്കൂറിലും കടയിലെത്തി റേഷൻ വാങ്ങുന്നതിന് സമയം ക്രമീകരിക്കണം. മഞ്ഞ, പിങ്ക് കാർഡുടമകൾക്ക് രാവിലെ 9 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ 60 കാർഡുമടകൾക്ക് റേഷൻ വാങ്ങിക്കാവുന്നതാണ്. ഇതിനായി വാർഡ് മെമ്പർമാരുടെയും വളണ്ടിയർമാരുടെയും സഹായം സ്വീകരിക്കാം.

നീല, വെള്ള കാർഡുടമകൾക്കളെ (എൻപിഎസ്/എൻപിഎൻഎസ്) വാർഡ് തലത്തിൽ എണ്ണം ക്രമീകരിച്ച് ഉച്ചയ്ക്ക് രണ്ടുമുതൽ വൈകിട്ട് അഞ്ച് വരെ റേഷൻ നൽകാവുന്നതാണ്. ഇപ്രകാരം സമയം ക്രമീകരിക്കുമ്പോൾ അറിയാതെ ആരെങ്കിലും റേഷൻ വാങ്ങാൻ എത്തിയാൽ ആ കാർഡുടമയെ ബുദ്ധിമുട്ടിക്കാതെ വിധത്തിൽ വിതരണം ക്രമീകരിക്കണം. കഴിയുന്നതും ആരെയും തിരിച്ചയ്ക്കാൻ പാടില്ല.

റേഷൻ വിതരണം സുഗമമാക്കുന്നതിന് തിരക്ക് നിയന്ത്രിക്കാൻ അതത് എംഎൽഎമാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അദ്ധ്യക്ഷൻമാർ, ജനപ്രതിനിധികൾ, സന്നദ്ധ വളണ്ടിയർമാർ എന്നിവർ നേതൃത്വം നൽകേണ്ടതാണ്. എല്ലാ ഗുണഭോക്താക്കൾക്കും സൗജന്യ റേഷൻ നൽകുന്ന ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കുണ്ട്. റേഷൻ വിഹിതം ലഭിക്കാത്ത സാഹചര്യം ഒരുകാരണവശാലും ഉണ്ടാകില്ല. റേഷൻ വിതരണം സുഗമമാക്കുന്നതിന് മാറ്റങ്ങൾ ആവശ്യമാണെങ്കിൽ താലൂക്ക് സപ്ലൈ ഓഫീസർമാർ, റേഷനിംഗ് ഇൻസ്പെക്ടർമാർ, ജനപ്രതിനിധികൾ എന്നിവർ ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

കരിഞ്ചന്തയും പൂഴ്ത്തിവെപ്പും തടയുന്നതിനായി ജില്ലയിലെ വിവിധ താലൂക്കുകളിൽ പൊതുവിതരണവകുപ്പ് പരിശോധന നടത്തി. 18 സ്ഥാപനങ്ങളിൽ ക്രമക്കേട് കണ്ടെത്തി. പലചരക്കു വിഭാഗത്തിൽ 28ഉം പച്ചക്കറി വിഭാഗത്തിൽ 39 സ്ഥാപനങ്ങളുമായി 67 സ്ഥാപനങ്ങളിലായാണ് പൊതുവിതരണ വകുപ്പിൻറെ സ്പെഷ്യൽ സ്ക്വാഡ് പരിശോധന നടത്തിയത്.

## ജില്ലയിൽ താമസൗകര്യമൊരുക്കിയത് 1098 അഗതികൾക്ക്

കോവിഡ് പ്രതിരോധ നടപടികളുടെ ഭാഗമായി ജില്ലയിൽ താമസൗകര്യമൊരുക്കിയത് 1098 അഗതികൾക്ക്. പൊതുസ്ഥലങ്ങളിൽ അലഞ്ഞു തിരിഞ്ഞ് നടക്കുന്നതിലൂടെ രോഗവാഹകാരകാനുള്ള സാധ്യത തടയുന്നതിന് 30 ഷെൽട്ടറുകളാണ് ജില്ലയിൽ ഒരുക്കിയത്. ഇവിടങ്ങളിലേക്ക് ആവശ്യമായ ഭക്ഷണസൗകര്യവും ഉറപ്പുവരുത്തിയിട്ടുണ്ട്. 72 ഗ്രാമപഞ്ചായത്തുകളിൽ അലഞ്ഞുനടക്കുന്നവർ ആരും തന്നെയില്ല എന്നാണ് തദ്ദേശസ്ഥാപനങ്ങളുടെ റിപ്പോർട്ട്.

## ലോക്ഡൗൺ: പച്ചക്കറികൃഷിക്ക് ഹരിതകേരളം മിഷന്റെ പ്രോത്സാഹനം

കോവിഡ് 19 ജാഗ്രതക്കാലത്ത് വീട്ടുവളപ്പിലും മട്ടുപ്പാവിലും പച്ചക്കറിക്കൃഷിയിലേർപ്പെടുന്നവർക്ക് പ്രോത്സാഹനവുമായി ഹരിതകേരളം മിഷൻ. ലോക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ വീടുകളിൽ ചെലവഴിക്കുന്ന സമയം പച്ചക്കറിക്കൃഷിക്കായി വിനിയോഗിക്കണമെന്ന് മുഖ്യമന്ത്രി പിണറായി വിജയന്റെ നിർദ്ദേശിച്ചമനുസരിച്ചാണ് പച്ചക്കറിക്കൃഷി ചെയ്യാൻ താൽപ്പര്യമുള്ളവർക്ക് മാർഗ്ഗനിർദ്ദേശവുമായി ഹരിതകേരളം മിഷൻ രംഗത്തെത്തിയത്. കൃഷിവകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും സഹകരണത്തോടെയാണ് പച്ചക്കറികൃഷിക്കുള്ള പ്രോത്സാഹനം. നടീൽ വസ്തുക്കൾ സ്വന്തമായി സമാഹരിക്കുന്നതിനോടൊപ്പം കൃഷി ഭവൻ, മറ്റ് ഏജൻസികൾ എന്നിവിട

ങ്ങളിൽ നിന്നും ലഭിക്കുന്നവയും ഉപയോഗിക്കാം. താൽപ്പര്യമുള്ളവർ ഹരിതകേരളം മിഷൻ ജില്ലാ കോർഡിനേറ്ററെ ബന്ധപ്പെട്ടാൽ ആവശ്യമായ ഉപദേശ നിർദ്ദേശങ്ങൾ വാട്സാപ്പിലൂടെ നൽകും. പോഷക സമൃദ്ധമായ ഇല-പച്ചക്കറികൾ വീട്ടിൽ തന്നെ ഉൽപ്പാദിപ്പിക്കാനുതകുന്ന മൈക്രോഗ്രീൻ കൃഷിരീതിയ്ക്കും ഹരിതകേരളം മിഷൻ പ്രോത്സാഹനവും നിർദ്ദേശവും നൽകുന്നുണ്ട്. ഇതു സംബന്ധിച്ച് വീഡിയോകൾ ഉൾപ്പെടെ വിശദ വിവരങ്ങൾ ഹരിതകേരളം മിഷന്റെ ഫേസ്ബുക്ക് പേജു വഴിയും വാട്സാപ്പ് നമ്പറുകൾ വഴിയും പ്രചരിപ്പിക്കുന്നുണ്ട്. മികച്ച രീതിയിൽ മൈക്രോഗ്രീൻ കൃഷി വീട്ടിൽ ചെയ്യുന്നവരുടെ ഫോട്ടോകൾ മിഷന്റെ ഫേസ്ബുക്കിൽ പ്രസിദ്ധീകരിക്കും.

കണ്ണൂർ, എറണാകുളം ജില്ലകളിൽ ഇതിനകം തന്നെ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് തുടക്കം കുറിച്ചുകഴിഞ്ഞു. കണ്ണൂർ ജില്ലയിൽ മികച്ച രീതിയിൽ കൃഷി നടത്തുന്നവർക്ക് സമ്മാനം നൽകാനും ജില്ലാ മിഷൻ നടപടി ആരംഭിച്ചു.

എറണാകുളം ജില്ലയിൽ വടക്കേക്കര ഗ്രാമപഞ്ചായത്തിലെ എല്ലാ വീടുകളിലും കോവിഡ് ജാഗ്രതക്കാലത്ത് പച്ചക്കറി കൃഷി ആരംഭിച്ചു. ഇതിനകം 4827 വീടുകളിൽ കഴിഞ്ഞ ഒരാഴ്ചയ്ക്കകം വീട്ടുമുറ്റങ്ങളിലും മട്ടുപ്പാവിലും പച്ചക്കറിത്തോട്ടങ്ങൾ ഒരുങ്ങിക്കഴിഞ്ഞു. ചീര, പയർ, വെണ്ട, വഴുതന, മുളക്, പാവൽ, പടവലം, പീച്ചിൽ, കോവൽ, നിത്യവഴുതന, തക്കാളി, അമര, വാലങ്ങ, ചുരയ്ക്ക, മത്തൻ തുടങ്ങിയ പച്ചക്കറി വിളകളും മൈക്രോഗ്രീൻ കൃഷി അനുസരിച്ച് പയർ, കടല, കടുക്, ജീരകം, ഗോതമ്പ്, ഉഴുന്ന്, ചെറുപയർ എന്നിവയുടെ വിത്ത് വിതച്ച് ഇളം തൈകൾ ഭക്ഷണത്തിന്റെ ഭാഗമാക്കുന്നതിനുള്ള പ്രവർത്തനങ്ങളുമാണ് ആരംഭിച്ചത്.

## കോവിഡ് 19: പ്രതിരോധ പ്രവർത്തനങ്ങളിൽ പാലിയേറ്റീവ് പ്രവർത്തകരും

കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിനായി കടവല്ലൂർ ഗ്രാമപഞ്ചായത്തിൽ അക്കിക്കാവ് സാന്ത്വനം പെയിൻ ആന്റ് പാലിയേറ്റീവ് വളണ്ടിയർമാരും സജീവമായി രംഗത്ത്. ഇതിന്റെ ഭാഗമായി കടവല്ലൂർ ഗ്രാമപഞ്ചായത്തും ആരോഗ്യ വകുപ്പും സാന്ത്വനം പാലിയേറ്റീവും സംയുക്തമായി അക്കിക്കാവ് ടി എം വിച്ച് സ്ക്കൂളിൽ ഹെൽപ്പ് ഡെസ്ക്ക് സ്ഥാപിക്കുന്നുണ്ട്. നിലവിലെ ഹോം കെയർ സർവ്വീസ് തുടരുന്നതോടൊപ്പം തന്നെ അവശ്യ മെഡിസിൻ, ആംബുലൻസ് സർവ്വീസ് എന്നിവ പ്രയോജനപ്പെടുത്തും. പഞ്ചായത്തുമായുള്ള ഭക്ഷണ വിതരണം, പഞ്ചായത്തും ആരോഗ്യ വകുപ്പും അടിയന്തര ഘട്ടത്തിൽ ആവശ്യപ്പെടുന്ന വളണ്ടിയർ സേവനം എന്നിവയ്ക്കും സഹകരിക്കുമെന്ന് സാന്ത്വനം പാലിയേറ്റീവ് പ്രസിഡന്റ് ഉസ്മാൻ കല്ലാട്ടയിൽ അറിയിച്ചു.

## തിരുവില്വാമല പഞ്ചായത്തിൽ സമൂഹ അടുക്കള തുടങ്ങി

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവില്വാമല പഞ്ചായത്തിൽ സമൂഹ അടുക്കള ആരംഭിച്ചു. തിരുവില്വാമല ഗവണ്മെന്റ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലാണ് സമൂഹ അടുക്കള ആരംഭിച്ചത്. 30.03.2020 ഇൽ 85 ഓളം പേർക്ക് ഭക്ഷണം നൽകി. ഇതിൽ 75 ഓളം പേർക്ക് സൗജന്യമായാണ് ഭക്ഷണം നൽകിയത്. ഇന്നലെ 150 ഓളം പേർക്ക് ഭക്ഷണം നൽകി. ഇതിൽ അന്യസംസ്ഥാന തൊഴിലാളികളും ഉൾപ്പെടും. പഞ്ചായത്തിന് ലഭിക്കുന്ന സ്പോൺസർഷിപ്പിൽ കൂടിയാണ് ഇതിന് വേണ്ട തുക സമാഹരിക്കുന്നത്. വീടുകളിൽ തനിച്ചു കഴിയുന്നവർ, ഭക്ഷണത്തിനു ബുദ്ധിമുട്ടുന്നവർ എന്നിവർക്കെല്ലാം വളരെയധികം ഉപകാരപ്രദമാണ് ഈ കിച്ചൺ.

ഭക്ഷണം വേണ്ടവർ ബന്ധപ്പെടേണ്ട നമ്പർ

കെ പി ദേവരാജ് - 9447246396

ബിന്ദു വിജയകുമാർ - 9946813624

മധു ആനന്ദ് - 9447969385

മനോജ് - 9947203698

ശോശാമ്മ തോമസ് - 9846407916

എം ആർ മണി - 9496046062

# അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യവുമായി മതിലകം ജനമൈത്രി പോലീസ്

ലോക് ഡൗണിന്റെ പശ്ചാത്തലത്തിൽ ദുരിതമനുഭവിക്കുന്ന അതിഥി തൊഴിലാളികൾക്ക് ഭക്ഷ്യധാന്യവുമായി മതിലകം ജനമൈത്രി പോലീസ്. കൊടുങ്ങല്ലൂർ കോതപറമ്പിൽ താമസിക്കുന്ന മുപ്പതോളം അതിഥി തൊഴിലാളികൾക്കാണ് അരിയുൾപ്പെടെയുള്ള ഭക്ഷ്യധാന്യങ്ങൾ എത്തിച്ചത്. അതിഥി തൊഴിലാളികളെ സംരക്ഷണിക്കണമെന്ന മുഖ്യമന്ത്രിയുടെ നിർദേശപ്രകാരം മതിലകം പോലീസ് സ്റ്റേഷൻ പരിധിയിൽ താമസിക്കുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരങ്ങൾ പോലീസ് ശേഖരിച്ചിരുന്നു. ഇതിനിടെയാണ് സ്ത്രീകളും കുട്ടികളുമടങ്ങുന്ന 19 ഓളം അതിഥി തൊഴിലാളികൾ ഭക്ഷണത്തിന് വകയില്ലാതെ കഴിയുന്നത് ശ്രദ്ധയിൽപ്പെട്ടത്.

ലോക് ഡൗൺ പ്രഖ്യാപിച്ചതിനെ തുടർന്ന് ആക്രി കച്ചവടം നടത്തുന്ന ഇവർക്ക് സാധനങ്ങൾ കൊണ്ടുപോകാൻ കഴിയാതെ കെട്ടിക്കിടക്കുന്നത് മൂലം വരുമാനമില്ലാതെ ബുദ്ധിമുട്ടിലായി. ഈ സാഹചര്യത്തിലാണ് മതിലകം പോലീസ് ഇവർക്ക് ഭക്ഷ്യധാന്യവുമായി എത്തിയത്. പഞ്ചായത്തും ഇവർക്ക് വേണ്ട ഭക്ഷ്യധാന്യങ്ങൾ എത്തിച്ചിരുന്നു. മറ്റു രണ്ട് അതിഥി ക്യാമ്പുകളിലും പോലീസ് ഭക്ഷ്യവസ്തുക്കൾ നൽകി. അന്യദേശത്ത് നിന്ന് വരുന്ന തൊഴിലാളികൾക്ക് ഭക്ഷണമില്ലാത്ത ഒരവസ്ഥ ഉണ്ടാവരുതെന്ന ഉദ്ദേശത്തോടെയാണ് ഇത്തരം പ്രവർത്തനങ്ങൾ ചെയ്യുന്നതെന്ന്

മതിലകം സി ഐ സി പ്രേമാനന്ദകൃഷ്ണൻ പറഞ്ഞു. എസ്.ഐ തോമസ്, ജനമൈത്രി ബീറ്റ് ഓഫീസർമാരായ ഫസൽ, അജന്ത, ഹോം ഗാർഡ് അൻസാരി, ആശാ വർക്കർ ബിന്ദു എന്നിവർ നേതൃത്വം നൽകി.

# സൗജന്യ റേഷൻ: അനാവശ്യ തിരക്ക് ഒഴിവാക്കാനുള്ള നടപടികളുമായി കയ്പമംഗലം

ഏപ്രിൽ മാസത്തിൽ സൗജന്യ റേഷൻ നൽകാനുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ റേഷൻ കടകളിൽ അനാവശ്യ തിരക്ക് അനുഭവപ്പെടാതിരിക്കാനുള്ള നടപടികളുമായി കയ്പമംഗലം മണ്ഡലം. ഇതിന്റെ ഭാഗമായി മണ്ഡലത്തിലെ ഏഴ് പഞ്ചായത്തുകളിലെയും പ്രസിഡന്റുമാരുടെയും റേഷൻ ഭാരവാഹികളുടേയും യോഗം ഇ ടി ടൈസൺ മാസ്റ്റർ എം എൽ എയുടെ അധ്യക്ഷതയിൽ ചേർന്നു. റേഷൻ ഉടമയും വാർഡ് തലത്തിലെ പഞ്ചായത്തിന്റെ വളണ്ടിയർമാരും ചേർന്ന് ഓരോ ദിവസവും രാവിലെ 35 പേർക്കും വൈകീട്ട് 35 പേർക്കും ടോക്കൺ സംവിധാനം ഏർപ്പെടുത്തും. ആരോഗ്യ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും പാലിച്ച് കൃത്യമായ അകലം പാലിച്ചായിരിക്കണം അരി വിതരണം നടത്തേണ്ടത്. രാവിലെ 9 മണി മുതൽ 1 മണി വരേയും ഉച്ചക്ക് 2 മുതൽ വൈകീട്ട് 5 വരേയുമാണ് റേഷൻ വിതരണം നടക്കുക. അന്ത്യോദയ കാർഡുകൾക്ക് 30 കിലോ അരിയും 5 കിലോ ഗോതമ്പും, പിങ്ക് മുൻഗണനാ കാർഡുകൾക്ക് ഒരാൾക്ക് 4 കിലോ അരിയും ഒരു കിലോ ഗോതമ്പും, നീല, വെള്ള കാർഡുകൾക്ക് 15 കിലോ അരിയുമാണ് വിതരണം ചെയ്യുന്നത്. മതിലകം ബ്ലോക്ക് പഞ്ചായത്തിൽ നടന്ന യോഗത്തിൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ കെ അബീദലി, ബി ഡി ഒ വിനീത സോമൻ, താലൂക്ക് സപ്ലൈസ് ഓഫീസർ ഐ വി സുധീർ കുമാർ, റേഷൻ ഡീലേഴ്സിന്റെ വിവിധ യൂണിയൻ നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

***ഫോട്ടോ അടിക്കുറിപ്പ്: റേഷൻ കടകളിൽ സൗജന്യ റേഷനുമായി ബന്ധപ്പെട്ട് അനാവശ്യ തിരക്ക് അനുഭവപ്പെടാതിരിക്കാനുള്ള നടപടികൾക്കായി ഇ ടി ടൈസൺ എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം***

# കടവല്ലൂർ പി എച്ച് സിയിൽ പനി പരിശോധിക്കുന്നത് ഇൻഫ്രാറെഡ് തെർമോ സ്കാനർ വഴി

കടവല്ലൂർ പഞ്ചായത്തിലെ പെരുമ്പിലാവ് പി എച്ച് സിയിൽ കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഇൻഫ്രാറെഡ് തെർമോ സ്കാനർ ഉപയോഗിച്ച് പനി പരിശോധിക്കൽ ആരംഭിച്ചു. ജനങ്ങളുടെ ശരീരത്തിൽ സ്പർശിക്കാതെ താപനില അളക്കുന്നതിനു വേണ്ടി ഉപയോഗിക്കുന്ന ഇൻഫ്രാറെഡ് തെർമോ സ്കാനർ സൗകര്യമാണ് ഇത്.പൊതു പ്രവർത്തകൻ ഉസ്മാൻ കല്ലാട്ടയിലാണ് ഉപകരണം സംഭാവന ചെയ്തത്. പി എച്ച് സിയിൽ നടന്ന

ചടങ്ങിൽ കടവല്ലൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് യു.പി ശോഭന, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ഏറ്റുവാങ്ങി.

## കോവിഡ് 19: ഭിന്നശേഷിക്കാർക്ക് കൗൺസിലിങ്ങുമായി എൻഐപിഎംആർ

കോവിഡ് 19 വൈറസ് വ്യാപനത്തിന്റെ സാഹചര്യത്തിൽ ഭിന്നശേഷിക്കാർക്കും അവരുടെ രക്ഷിതാക്കൾക്കും ഉണ്ടാകുന്ന മാനസിക സംഘർഷം ഇല്ലാതാക്കുന്നതിന് കൗൺസിലിങ്ങുമായി കല്ലേറ്റുംകരയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റീഹാബിലിറ്റേഷൻ സെന്റർ. ലോക്ക് ഡൗണിന്റെ സാഹചര്യത്തിൽ ഉണ്ടാകുന്ന മാനസികമായ പ്രശ്നങ്ങൾക്ക് പരിഹാരവുമായിട്ടാണ് കൗൺസിലിംഗ് തുടങ്ങിയിരിക്കുന്നത്. സഹായം ആവശ്യമുള്ളവർക്ക് രാവിലെ 8.30 മുതൽ വൈകുന്നേരം 4.30 വരെ ടെലിഫോണിലൂടെ കൗൺസിലിംഗ് ലഭിക്കും. ഇതിനായി 9725552030, 9656909892, 918891451214, 9946342597, 919061515053 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

അഞ്ചു പേരടങ്ങുന്ന സൈക്കോളജിസ്റ്റുകളുടെ സംഘമാണ് കൗൺസിലിംഗ് നൽകുന്നത്. ഇതിൽ രണ്ടു പേർ ക്ലിനിക്കൽ സൈക്കോളജിസ്റ്റുകളാണ്. കൗൺസിലിങ് തുടങ്ങിയത് മുതൽ ഇത്

വരെ 300 കേസുകൾ റിപ്പോർട്ട് ചെയ്തതായി എൻ ഐ പി എം ആർ ജോയിന്റ് ഡയറക്ടർ സി ചന്ദ്രബാബു പറഞ്ഞു. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി നിരവധിപേർ ഫോണിലൂടെയുള്ള കൗൺസിലിങിന്റെ സേവനം പ്രയോജനപ്പെടുത്തി വരുന്നതായും അദ്ദേഹം കൂട്ടിച്ചേർത്തു. സാമൂഹ്യ നീതി വകുപ്പിന് കീഴിൽ ഭിന്നശേഷിക്കാരായ കുട്ടികളുടെ പുനരധിവാസം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന സ്ഥാപനമാണ് എൻ ഐ പി എം ആർ.

## വിളവ് മുഴുവൻ സമൂഹ അടുക്കളക്ക് സംഭാവന നൽകി

ഒരു ദിവസം വിളവെടുത്ത പച്ചക്കറി മുഴുവൻ സമൂഹ അടുക്കളക്ക് സംഭാവന നൽകി കർഷകൻ മാതൃകയായി. തൃത്തല്ലൂർ പണിക്കശേരി രാജീവാണ് തന്റെ കൃഷിയിടത്തിൽ

ഇന്നലെ വിളവെടുത്ത മുഴുവൻ പച്ചക്കറിയും വാടാനപ്പള്ളി പഞ്ചായത്തിന്റെ സമൂഹ അടുക്ക ളയിലേക്ക് സൗജന്യമായി നൽകിയത്. ചാർജ്ജ് ഓഫീസറും പഞ്ചായത്ത് ജൂനിയർ സൂപ്രണ്ടുമായ കെ.കെ.ലത ഏറ്റുവാങ്ങി.

## കോവിഡ് 19: ബോധവൽക്കരണത്തിന് തിരുവാതിരക്കളി

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി വ്യത്യസ്തമായ ബോധവൽക്കരണ പരിപാടിയുമായി പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്. തിരുവാതിര കളിയിലൂടെയാണ് കൊറോണയ് ക്കെതിരായ പഞ്ചായത്ത് ബോധവൽക്കരണ സന്ദേശം നൽകിയിരിക്കുന്നത്. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ വജ്രജൂബിലി ഫെല്ലോഷിപ്പ് അംഗങ്ങളാണ് ഈ അവതരണത്തിന് പിന്നിൽ. ഈ സമയത്ത് എന്തൊക്കെ ചെയ്യണം ചെയ്യരുത് എന്നെല്ലാം തിരുവാതിര പാട്ടിൽ അവതരിപ്പിച്ചിരിക്കുന്നു. കാണുന്നവർക്ക് ആസ്വദിക്കാനും സന്ദേശം ഉൾകൊള്ളാനും സാധിക്കുന്ന രീതിയിലാണ് തിരുവാതിരകളി ഒരുക്കിയിരിക്കുന്നത്.

## ചേർപ്പ് പഞ്ചായത്തിലും സമൂഹ അടുക്കള

കോവിഡ് 19 പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി ചേർപ്പ് പഞ്ചായത്ത് പരിധിക്കുള്ളിലെ അർഹരായവരെ കണ്ടെത്തി അവർക്ക് ഭക്ഷണം സൗജന്യമായി എത്തിച്ചു നൽകുന്നതിന് സമൂഹ അടുക്കള തുടങ്ങി. 200 പേർക്കാണ് ഉച്ചയ്ക്കും രാത്രിയിലേക്കുമുള്ള പൊതിച്ചോർ തയ്യാറാക്കി നൽകുന്നത്. ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ വീട്ടിൽ നിന്നും പുറത്തിറങ്ങാൻ പറ്റാത്തവർക്കും കിടപ്പ് രോഗികൾക്കും ആരോരുമില്ലാത്ത വയോജനങ്ങൾക്കും തമിഴ് നാട്ടിൽ നിന്നുമുള്ള 20 ഓളം വരുന്ന തൊഴിലാളികൾക്കുമാണ് ഗ്രാമ പഞ്ചായത്തും കുടുംബശ്രീയും ചേർന്ന് ഭക്ഷണം നൽകുന്നത്. ഇതിനു പുറമെ ക്വാറന്റൈനിലുള്ള രണ്ട് കുടുംബങ്ങൾക്കുള്ള വീട്ട് സാധനങ്ങളും റാപിഡ് റെസ്പോൺസ് ടീം അംഗങ്ങൾ എത്തിച്ചു നൽകുന്നു.

പഞ്ചായത്ത് പ്രസിഡന്റ് സി കെ വിനോദിന്റെ നേതൃത്വത്തിൽ വാർഡ് മെമ്പർമാരും കുടുംബശ്രീ പ്രവർത്തകരുമാണ് ഈ ഉദ്യമത്തിന് പുറകിൽ പ്രവർത്തിക്കുന്നത്. വരും ദിവസങ്ങളിൽ കൂടുതൽ ആളുകൾക്ക് ഭക്ഷണം ഒരുക്കുമെന്നും ഇവർ പറഞ്ഞു.

## അതിഥി തൊഴിലാളികൾക്ക് ക്യാമ്പ്

കോവിഡ് 19 പ്രതിരോധത്തിന്റെ ഭാഗമായി അതിഥി തൊഴിലാളികൾക്കായി ക്യാമ്പ് സംഘടിപ്പിച്ചു. പഴയന്നൂർ ബ്ലോക്ക് പരിധിയിലെ മയന്നൂരിലാണ് ക്യാമ്പ്. 27 ഓളം അന്യസംസ്ഥാന തൊഴിലാളികളാണ് ഇവിടെയുള്ളത്. ഇവർക്കുള്ള ഭക്ഷണം കരാറുകാർ നൽകുന്നുണ്ട്. അന്യസംസ്ഥാന തൊഴിലാളികൾക്കായി പ്രത്യേക ബോധവൽക്കരണ പരിപാടി നടത്തി. പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ്, ജില്ലാ ലേബർ ഓഫിസർ എന്നിവർ പങ്കെടുത്തു.

## 358 പേർക്ക് ഭക്ഷണം നൽകി തളിക്കുളം ഗ്രാമപഞ്ചായത്ത്

സമൂഹ അടുക്കള മുഖേന ചൊവ്വഴ്ച്ച 358 പേർക്ക് ഭക്ഷണം നൽകി തളിക്കുളം ഗ്രാമപഞ്ചായത്. കൂട്ടായ പ്രവർത്തനത്തിന്റെയും സഹകരണത്തിന്റെയും കരങ്ങൾ ഒരുമിച്ചപ്പോൾ ഒരു രൂപ പോലും വാങ്ങാതെയാണ് പഞ്ചായത്ത് ഭക്ഷണം വീടുകളിൽ എത്തിക്കുന്നത്. 20 പേർ അടങ്ങുന്ന യുവ വളണ്ടിയർമാർ പഞ്ചായത്തിന്റെ കൂടെയുണ്ട്. ഒരു ഊണിന് 20 രൂപയും പാഴ്സൽ ചാർജായി അഞ്ച് രൂപയും ഈടാക്കും. എന്നാൽ തളിക്കുളത്തെ വളണ്ടിയർമാർ ഒരുപൈസ പോലും വാങ്ങാതെ സേവനമെന്ന നിലയ്ക്കാണ് പ്രവർത്തിക്കുന്നത്. ഹോം ക്വാറന്റൈനിൽ കഴിയുന്നവർക്ക് ഭക്ഷണം മാത്രമല്ല എത്തിച്ചു നൽക്കുന്നത്. അവർ ആവശ്യപ്പെടുന്നതിനനുസരിച്ച് ഒരു വീട്ടിലേക്ക് ആവശ്യമായ പലചരക്ക്, പച്ചക്കറി മരുന്ന് ഉൾപ്പെടെയുള്ളവ എത്തിച്ചു കൊടുക്കുന്നുണ്ട്. ഹോസ്പിറ്റലിലേക്ക് എത്തിക്കേണ്ട അത്യവശ്യക്കാർക്ക് ആംബുലൻസ് സർവീസ് വരെ പഞ്ചായത്ത് നൽകുന്നുണ്ട്. 358 പൊതിച്ചോറിൽ 83 എണ്ണം മാത്രമാണ് 20 രൂപയ്ക്ക് നൽകിയത്. ബാക്കി 275 പൊതിയും സൗജന്യമായി നൽകി. അഗതികൾ അതിലെ തൊഴിലളികൾ തുടങ്ങിയവർക്കും ഭക്ഷണം എത്തിച്ചു. നിരീക്ഷണത്തിലുള്ള 197 പേർക്ക് കൗൺസിലിങ്ങും നൽകി.

പഞ്ചായത്തിൽ വീടുകളിലുള്ളവരെ രണ്ട് നേരം വിളിച്ച് ആവശ്യങ്ങൾ ചോദിച്ചറിയും. ആശ പ്രവർത്തകൾ വാർഡ് മെമ്പർമാർ /കുടുംബശ്രീ പ്രവർത്തകർ , ആരോഗ്യ പ്രവർത്തകർ വളണ്ടിയർമാർ തുടങ്ങിയവരുടെ കൂട്ടായ പ്രവർത്തനമാണ് തളിക്കുളം ഗ്രാമപഞ്ചായതിൽ നടക്കുന്നതെന്ന് പ്രസിഡന്റ് പി.ഐ.സജിത പറഞ്ഞു.

## അതിഥി തൊഴിലാളികൾക്ക്
## ഇഷ്ടഭക്ഷണം കഴിക്കാൻ സൗകര്യമൊരുക്കി ഏങ്ങണ്ടിയൂർ

അതിഥി തൊഴിലാളികൾക്ക് അവരുടെ ഇഷ്ടമുള്ള ഭക്ഷണം പാകം ചെയ്യാൻ സൗകര്യമൊരുക്കി ഏങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്ത്. സഹകരണ ബാങ്കിന്റെ സഹയത്തോടെ പത്ത് ദിവസം അതിഥി തൊഴിലാളികൾക്ക് പാകം ചെയ്യാനുള ഭക്ഷണ സാധനങ്ങളാണ് ക്യാമ്പിൽ നൽകിയത്. എങ്ങണ്ടിയൂർ ഗ്രാമപഞ്ചായത്തിൽ 149 അതിഥി തൊഴിലാളികൾ താമസിക്കുന്നുണ്ട്. ഇവർക്ക് സമൂഹ അടുക്കളയിലെ ഭക്ഷണം പറ്റുന്നതല്ല എന്ന സാഹചര്യത്തിലാണ് അവരുടെ ഇഷ്ടത്തിന് ഭക്ഷണം പാകം ചെയ്യുന്നതിനായുള്ള സാധനങ്ങൾ നൽകിയതെന്ന് പഞ്ചായത്ത് പ്രസിഡന്റ് പി.എൻ ജ്യോതിലാൽ പറഞ്ഞു.

### കൂടെയുണ്ട് സർക്കാർ,
## സാമൂഹ്യ സുരക്ഷ പെൻഷൻ :
## ജില്ലയിൽ 32.55കോടി രൂപ വിതരണം ചെയ്തു

ക്ഷേമപെൻഷൻ വിതരണം തുടങ്ങിയപ്പോൾ ഇത് വരെ ജില്ലയിൽ 32.55 കോടി രൂപ പെൻഷനായി നൽകി. 136623 ഗുണ ഭോക്താക്കൾക്കാണ് ഇത് വരെ പെൻഷൻ ലഭിച്ചത്. തൃശൂർ താലൂക്കിൽ 26457പേർക്കും, കൊടുങ്ങല്ലൂർ - 14692, കുന്നംകുളം - 15972, തലപ്പിള്ളി –21438,

മുകുന്ദപുരം - 25060, ചാവക്കാട് - 11218, ചാലക്കുടി - 21786 എന്നിങ്ങനെയാണ് പെൻഷൻ ലഭിച്ചവർ.

കോവിഡ് 19 വ്യാപനം തടയാൻ കടുത്ത നിയന്ത്രണങ്ങളിൽ കഴിയുന്നവർക്ക് ആശ്വാസമായി പെൻഷൻ വിതരണം. 52 കോടി രൂപയാണ് ഇതിനായി അനുവദിച്ചത്. 155 സഹകരണ സംഘങ്ങൾ വഴിയാണ് പെൻഷൻ വിതരണം. ഭൂരിഭാഗം സാധാരണക്കാരുടെയും വരുമാനം നിലച്ചിരിക്കുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ ഈ തുക വിപണിയിൽ ചലനമുണ്ടാക്കുമെന്നാണ് വിലയിരുത്തൽ.

കർഷകതൊഴിലാളി പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, വികലാംഗ പെൻഷൻ, അവിവാഹിതരായ അമ്മമാരുടെ പെൻഷൻ, വിധവാ പെൻഷൻ എന്നീ ക്ഷേമപെൻഷനുകളാണ് വിതരണം ചെയ്ത് തുടങ്ങിയത്. ജില്ലയിൽ 2,20,000 ഗുണഭോക്താക്കൾക്ക് ക്ഷേമപെൻഷൻ പ്രയോജനപ്പെടും.

സാമൂഹ്യ ക്ഷേമ പെൻഷൻ നൽകുന്നതിനായി സഹകരണ സംഘങ്ങളിൽ നിന്നും ഫണ്ട് സ്വരൂപിക്കുകയും സംസ്ഥാനതലത്തിൽ ഒരു കൺസോർഷ്യം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. പെൻഷൻ നൽകുന്നതിനായി ജില്ലയിൽ നിന്നും ഇതുവരെ 300 കോടി രൂപ സമാഹരിച്ചിട്ടുണ്ട്.

സഹകരണ ബാങ്കുകളിൽ 981 കളക്ഷൻ ഏജന്റുമാർ വഴിയാണ് തുക വിതരണം ചെയ്യുന്നത്. എല്ലാവർക്കും വീടുകളിൽ ചെന്ന് നേരിട്ട് വിതരണം ചെയ്യുകയാണ് ഏജന്റുമാർ ചെയ്യുന്നത്. ഇവർക്ക് വേണ്ടി കോവിഡ് പ്രതിരോധ ബോധവൽക്കരണവും സുരക്ഷക്രമീകരണങ്ങളും ഒരുക്കിയിട്ടുണ്ട്. മാസ്ക്കുകളും സാനിറ്റൈസറുകളും ഇവർക്കായി നൽകിയിട്ടുണ്ട്. ഒക്ടോബർ, നവംബർ മാസങ്ങളിലെ പെൻഷനാണ് ഇപ്പോൾ വിതരണം ചെയ്യുന്നത്.

## കടങ്ങോട് പഞ്ചായത്തിൽ അതിഥി തൊഴിലാളികൾക്ക് മെഡിക്കൽ ക്യാംപ്

കടങ്ങോട് ഗ്രാമപഞ്ചായത്ത് പ്രദേശത്തെ അതിഥി തൊഴിലാളികൾക്ക് ആരംഭിച്ച കടങ്ങോട് പെമില്ലാക്ക് മൈഗ്രാന്റ് ലേബർ അക്കോമഡേഷൻ ക്യാംപിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ മെഡിക്കൽ ക്യാംപ് സംഘടിപ്പിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രമണി രാജൻ, വൈസ് പ്രസിഡന്റ് സുഗിജ സുമേഷ്, വാർഡ് മെമ്പർ പി.വി. കൃഷ്ണൻ, സെക്രട്ടറി എം.ജയൻ, ഫാദർ ഡേവീസ് ചിറമ്മേൽ, പെമില്ലാക്ക് ഉടമ ഡോണി വർഗ്ഗീസ് തുടങ്ങിയവർ സന്നിഹിതരായി. ജില്ലാ വെക്റ്റർ കൺട്രോൾ യൂണിറ്റ് ഡി എം ഒ ഡോ. അനുമേരി, ഹെൽത്ത് ഇൻസ്പെക്ടർ ബാബു, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ലതീഷ് തുടങ്ങിയവർ നേതൃത്വം നൽകി. വിവിധ സ്ഥലങ്ങളിൽ കഴിഞ്ഞിരുന്ന 80 അതിഥി തൊഴിലാളികളെയാണ് കഴിഞ്ഞ ദിവസം ഇവിടേക്ക് മാറ്റി പാർപ്പിച്ചത്. ഇവർക്ക് ആവശ്യമായ ഭക്ഷണവും ഗ്രാമ പഞ്ചായത്ത് നൽകുന്നുണ്ട്.

## കോവിഡ് 19: വയോജനങ്ങൾക്ക് പ്രത്യേക നിർദ്ദേശങ്ങൾ

കോവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി വയോജനങ്ങൾക്ക് ജില്ലാ സാമൂഹിക നീതി വകുപ്പും മെയിന്റനൻസ് ട്രിബ്യൂണലും പ്രത്യേക നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, തഹസിൽദാർ, സ്റ്റേഷൻ ഹൗസ്, ഓഫീസർമാർ, ആരോഗ്യ വകുപ്പ് അധികൃതർ, എന്നിവർക്ക് വയോജന സംരക്ഷണം നൽകുന്നതിനായി തൃശൂർ സബ്കളക്ടർ, ഇരിങ്ങാലക്കുട മെയിന്റനൻസ് ട്രിബ്യൂണൽ ഓഫീസർ ലതിക സി എന്നിവർ പ്രത്യേക മാർഗനിർദേശങ്ങൾ നൽകി. വയോജനങ്ങൾക്ക് അത്യാവശ്യ ഘട്ടങ്ങളിൽ ബന്ധപ്പെടാനുള്ള നമ്പർ (9447074424) നൽകി. ബുദ്ധിമുട്ട് നേരിടുന്ന വയോജനങ്ങളുടെ താമസം, ഭക്ഷണം, മരുന്ന്, ചികിത്സ അവശ്യ സാധനങ്ങൾ എന്നിവ ഉറപ്പുവരുത്തേണ്ടതാണ്. രോഗവ്യാപനം തടയുന്നതിന് ആവശ്യമായ നിർദേശങ്ങൾ, ബോധവൽക്കരണം എന്നിവ ആരോഗ്യപ്രവർത്തകർ വഴി നടത്തേണ്ടതാണ്. വയോജനങ്ങൾക്ക് പുറത്ത് പോകാൻ കഴിയാത്ത സാഹചര്യത്തിൽ അവശ്യസാധനങ്ങൾ വീട്ടിൽ എത്തിച്ചു നൽകുവാനും അവരെ വീടുകളിൽ തന്നെ നിലനിർത്തുവാനുമുള്ള സാഹചര്യം ഒരുക്കണം. താമസ സൗകര്യം ഇല്ലാതെ പുറത്ത് തെരുവുകളിലും, കട വരാന്തകളിലും കഴിയുന്ന വയോജനങ്ങളെ ക്യാമ്പ് / താത്കാലിക സംരക്ഷണ കേന്ദ്രത്തിലേക്ക് മാറ്റി അവർക്ക് വേണ്ട സൗകര്യങ്ങൾ ക്രമീകരിച്ചു സംരക്ഷണം ഉറപ്പാക്കുക. മറ്റു കേന്ദ്രങ്ങളിലേക്ക് മാറ്റുമ്പോൾ ആരോഗ്യവകുപ്പിന്റെ നിർദ്ദേശത്തിനനുസരിച്ച് മാറ്റി പാർപ്പിക്കേണ്ടതാണ്. പൊതുജനങ്ങൾ വൃദ്ധമന്ദിരം സന്ദർശിക്കുന്നത് ഒഴിവാക്കേണ്ടതാണ്. വാർധക്യ പെൻഷൻ വീടുകളിൽ കൃത്യമായി

ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. വയോജനങ്ങളിൽ അസുഖ ലക്ഷണങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആരോഗ്യവകുപ്പ് അധികൃതർ അവശ്യ നടപടികൾ സ്വീകരിക്കേണ്ടതാണ്. വയോജനങ്ങളുടെ സുരക്ഷാ, സംരക്ഷണം എന്നിവ സംബന്ധിച്ച് പോലീസ് നിതാന്ത ജാഗ്രത പുലർത്തേണ്ടതാണെന്നും മാർഗ നിർദ്ദേശങ്ങളിൽ വ്യക്തമാക്കുന്നു.

## കുന്നംകുളത്ത് അനധികൃത മത്സ്യം ലേലം: പഴകിയ മത്സ്യവും വാഹനങ്ങളും പിടിച്ചെടുത്തു

കോവിഡ് 19 പശ്ചാത്തലത്തിൽ അടച്ച കുന്നംകുളം തുറക്കുളം മത്സ്യ മാർക്കറ്റിൽ അനധികൃതമായി മത്സ്യം ലേലം ചെയ്യാനുള്ള ശ്രമം കുന്നംകുളം നഗരസഭ ആരോഗ്യ വിഭാഗം തടഞ്ഞു. തുടർന്ന് പഴകിയ മത്സ്യവും അഞ്ച് വാഹനങ്ങളും അധികൃതർ പിടിച്ചെടുത്തു.

ചെവ്വാഴ്ച്ച രാവിലെയാണ് സംഭവം. ലോക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിലാണ് മാർക്കറ്റിൽ മത്സ്യലേലം നടന്നത്. സംഭവമറിഞ്ഞ് നഗരസഭ ആരോഗ്യ വിഭാഗം എത്തി. തുടർന്ന് പിടിച്ചെടുത്ത മത്സ്യം ഏറെ പഴകിയതായിരുന്നുവെന്നും ആരോഗ്യ വിഭാഗം കണ്ടെത്തി.

മത്സ്യബന്ധനവും മത്സ്യത്തിന്റെ വരവും നിലച്ചതോടെ നേരത്തെ സ്റ്റോക്ക് ഉണ്ടായിരുന്ന മത്സ്യങ്ങൾ വിപണനം ചെയ്യാനുള്ള ശ്രമമാണ് നഗരസഭയുടെ നേതൃത്വത്തിൽ ഇന്ന് തടഞ്ഞത്. ഇതിനായി വന്ന വാഹനങ്ങളാണ് പിടിച്ചെടുത്തത്. പഴകിയ മത്സ്യം ആരോഗ്യ വിഭാഗം പ്രവർത്തകർ പിന്നീട് നശിപ്പിച്ചു.

നഗരസഭാ സെക്രട്ടറി കെ കെ മനോജ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ രാജീവ് തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു നഗരസഭാധികൃതർ അനധികൃത മത്സ്യ ലേലം തടഞ്ഞത്.

## കോവിഡ് 19: തൃശൂർ കോർപ്പറേഷനിൽ 652 അഗതികൾ സുരക്ഷിത കേന്ദ്രത്തിൽ

കൊറോണ വ്യാപനം തടയാൻ കർഫ്യൂ പ്രഖ്യാപിച്ച സാഹചര്യത്തിൽ തെരുവിൽ കഴിയുന്നവരും, ഇതര സംസ്ഥാന തൊഴിലാളികളുമായ 652 പേർക്ക് ഇതുവരെ കോർപ്പറേഷൻ പരിധിയിൽ സുരക്ഷ കേന്ദ്രമൊരുക്കി. ഗവൺമെന്റ് മോഡൽ ബോയ്സ് ഹൈസ്കൂളിൽ 186 അഗതികളും, ഗവ മോഡൽ ഗേൾസ് ഹൈസ്കൂളിൽ 191 ഇതര സംസ്ഥാന തൊഴിലാളികളുംമുണ്ട്. ഇതിനു പുറമെ അയ്യന്തോൾ ഗവ യു പി സ്കൂളിൽ 91, വില്ലടം ഗവ ഹൈർ സെക്കന്ററി സ്കൂളിൽ 146 അതിഥി തൊഴിലാളികൾക്കും താമസസൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ ഒല്ലൂർ വൈലോപ്പിള്ളി ശ്രീധര മേനോൻ മെമ്മോറിയൽ ഗവ ഹയർ സെക്കന്ററി സ്കൂളിൽ 26 പേർക്കും, അയ്യന്തോൾ ഷീ ലോഡ്ജിൽ 12 വനിതകൾക്കും സുരക്ഷിത താമസവും ഭക്ഷണവും സജ്ജമാക്കി. കഴിഞ്ഞദിവസങ്ങളിൽ മോഡൽ ബോയ്സ് സ്കൂളിലെ പത്തിലധികം വരുന്ന ക്ലാസ് മുറികൾ കോർപ്പറേഷന്റെയും ആരോഗ്യവകുപ്പിന്റെയും പോലീസിന്റെയും നേതൃത്വത്തിൽ വൃത്തിയാക്കി താമസസൗകര്യമൊരുക്കിയിരുന്നു. ഇതിന് പുറമെയാണ് മോഡൽ ഗേൾസിലും താമസ സൗകര്യം ഒരുക്കിയിരുന്നത്. രണ്ടിടത്തും പരമാവധി അന്തേവാസികളായ സാഹചര്യത്തിലാണ് കൂടുതൽ താമസ സൗകര്യങ്ങൾ സജ്ജമാക്കുന്നത്.

പോലീസിന്റെ രണ്ടു വണ്ടികളിലും പിങ്ക് പോലീസും ചേർന്നാണ് സ്കൂളുകളിൽ അഗതികളെ എത്തിക്കുന്നത്. ഡിഎംഒയുടെ നേതൃത്വത്തിലുള്ള ആരോഗ്യ വിഭാഗവും കോർപ്പറേഷൻ ആരോഗ്യവിഭാഗവും പരിശോധന നടത്തി ബോധ്യപ്പെട്ടാണ് അഗതികൾക്ക് പ്രവേശനം നൽകുന്നത്.

കൂടുതൽ ആളുകൾ വന്നെത്തുന്ന സാഹചര്യത്തിലാണ് ജില്ലാ കളക്ടർ എസ് ഷാനവാസന്റെ നിർദ്ദേശപ്രകാരം കൂടുതൽ താമസസൗകര്യം ഒരുക്കുന്നത്. അഭയകേന്ദ്രത്തിൽ എത്തുന്നതിൽ ഭൂരിഭാഗവും പുരുഷന്മാരാണ്. ഒരു ക്ലാസ് മുറിയിൽ അഞ്ച് പേർക്കാണ് താമസ സൗകര്യം ഒരുങ്ങുന്നത്. മൂന്നുനേരവും പൊതിച്ചോറ് ഇവർക്ക് നൽകുന്നുണ്ട്. പായയും കിടക്കയും തലയിണയും നൽകിയിട്ടുണ്ട്.

ഓരോ സ്കൂളിലും 250 പേർക്കാണ് താമസിക്കാനുള്ള സൗകര്യം ഒരുക്കുന്നത്. കൂടുതൽ ആളുകളെ കൊണ്ടു വരുന്ന സാഹചര്യത്തിനനുസരിച്ച് കൂടുതൽ സ്ഥലങ്ങൾ അഭയ കേന്ദ്രമാക്കി മാറ്റുകയാണ്.

കോർപ്പറേഷന്റെ നേതൃത്വത്തിൽ സർവേ നടത്തിയാണ് തെരുവിൽ കഴിയുന്നവരുടെ പേര് വിവരങ്ങൾ ശേഖരിക്കുന്നത്. ദിവസവും ഡോക്ടർമാർ പരിശോധന നടത്തുകയും പോലീസ് അവർക്ക് സുരക്ഷിതത്വം ഒരുക്കുകയും ചെയ്യുന്നുണ്ട്.

## ലൈഫിന് 1 കോടി രൂപ വകയിരുത്തി ചേർപ്പ് ബ്ലോക് പഞ്ചായത്ത്

ചേർപ്പ് ബ്ലോക്ക് പഞ്ചായത്ത് 2020-21 ലേക്കുള്ള വാർഷിക ബജറ്റിൽ ഭവനരഹിതരില്ലാത്ത ബ്ലോക്ക് പഞ്ചായത്തിന് ഊന്നൽ നൽകി. ഇതിനായി 'ലൈഫ് 'ഭവന പദ്ധതിയ്ക്കായി ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ അവതരിപ്പിച്ച ബജറ്റ് ആരോഗ്യമേഖലയ്ക്കായി വിവിധ പ്രോജക്കുകൾക്ക് 33 ലക്ഷം രൂപ ചെലവഴിക്കാൻ ലക്ഷ്യമിടുന്ന ബജറ്റ് ബ്ലോക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് പി.ടി.സണ്ണിയാണ് അവതരിപ്പിച്ചത്.

കാർഷികരംഗം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി നെൽകർഷകർക്ക് 20 ലക്ഷം രൂപ കൂലി ചെലവിലെ സബ്സിഡിക്കായും, പൂകൃഷി, വനിതാ കർഷക ഗ്രൂപ്പുകൾക്ക് കാർഷികയന്ത്രങ്ങൾ നൽകുന്നതിനായി 12 ലക്ഷം രൂപയും, ക്ഷീരകർഷകർക്ക് പാലിന് വില കൂടുതലും കാലി തീറ്റ വില കുറച്ചും ലഭിക്കാനാകും വിധം സബ്സിഡി ഇനത്തിൽ 7.50 ലക്ഷം രൂപയും, സ്ത്രീ ശാക്തീകരണം ലക്ഷ്യമിട്ട് വനിതകളുടെ സ്വയംതൊഴിൽ പദ്ധതി പ്രകാരം നൈപുണ്യവികസനം, യൂണിറ്റ് സ്ഥാപിക്കൽ എന്നിവക്കായി 20 ലക്ഷം രൂപയും നീക്കിവെച്ചിരിട്ടുണ്ട്.

ബ്ലോക് പഞ്ചായത്ത് പ്ലാസ്റ്റിക് രഹിതമാക്കുന്നതിനും ലഭ്യമായ പ്ലാസ്റ്റിക് ടാർ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് തുടർ ഉപയോഗത്തിന് വേണ്ട അടിസ്ഥാന സൗകര്യമൊരുക്കാൻ 16 ലക്ഷം രൂപയും വകയിരുത്തി. ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ്, വാദ്യകലാ പരിശീലനം, ബുക് ബൈന്റിംഗ്, ഫയൽ മേക്കിംഗ് യൂണിറ്റ്, ജെന്റർ റിസോഴ്സ് സെന്ററും കൗൺസലിംഗ് സംവിധാനവും, മുതിർന്ന പൗരന്മാരുടെ വൈദഗ്ദ്ധ്യം ഉപയോഗപ്പെടുത്താൻ ബ്ലോക് തല വയോജനകേന്ദ്രം,

അങ്കണവാടി തലത്തിൽ വയോ സൗഹൃദ സായന്തനം, കേരള സർക്കാരിന്റെ വിശപ്പ് രഹിത കേരളം ഹോട്ടൽ, പട്ടികജാതി വിദ്യാർത്ഥികൾക്കായി പഠനമുറികൾ, പട്ടികജാതിക്കാർക്കും ഭിന്നശേഷി വിഭാഗക്കാർക്കും ചെണ്ടവാദ്യപരിശീലനം, പട്ടികജാതി വിദ്യാർത്ഥികൾക്ക് സ് കോളർഷിപ്, പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസന പദ്ധതി എന്നിവയ്ക്ക് തുക വകയിരുത്തിയ ബജറ്റ് ശ്രദ്ധേയമായി. ദേശീയ തൊഴിലുറപ്പ്, പ്രൈം മിനിസ്റ്റേഴ്സ് കൃഷി സഞ്ചയ് യോജന എന്നീ പദ്ധതികൾ പ്രകാരം രണ്ട് കോടി രൂപയുടെ ജലസംരക്ഷണ പ്രവൃത്തികൾ എന്നിവയുൾപ്പെടെ വിവിധ ജനവിഭാഗങ്ങളുടെ ക്ഷേമത്തിന് അധ്യക്ഷത വഹിച്ചു.

സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻമാരായ സിമി അരുൺ, കെ. ഡി. മിൽട്ടൺ, രഞ്ജിനി തെക്കത്ത്, ബ്ലോക്പഞ്ചായത്ത് മെമ്പർമാരായ കെ. എ. പ്രദീപ്, ജെൻസൺ ജോർജ്, എൻ.ടി.ശങ്കരൻ, അഡ്വ.എ.ബി.അനീഷ്, സുജിത സുനിൽ, ആശ മാത്യൂസ്, ലീന ടീച്ചർ എൻ.പി.തങ്കമണി, ബി.ഡി.ഒ .ജി.എസ്.ലേഖ എന്നിവർ സംസാരിച്ചു.

## കോർപ്പറേഷനിലെ ആറാമത്തെ സമൂഹ അടുക്കള തുടങ്ങി

ജില്ലയിൽ കോർപ്പറേഷൻ പരിധിയിൽ ആറാമത് സമൂഹ അടുക്കളയും പ്രവർത്തനമാരംഭിച്ചു. 2050 പേർക്കാണ് ഇവിടെ നിന്നും ഭക്ഷണം ലഭ്യമാക്കുന്നത്. ലോക്ക് ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ഭക്ഷണത്തിന് ബുദ്ധിമുട്ട് നേരിടുന്നവർക്കായാണ് സമൂഹ അടുക്കളകൾ പ്രവർത്തനം തുടങ്ങിയത്.

കോർപ്പറേഷൻ പരിധിയിൽ ഇപ്പോൾ 6 കമ്മ്യൂണിറ്റി കിച്ചണുകളാണ് പ്രവർത്തിക്കുന്നത്. തോപ് സ്കൂളിന് പുറമെ അയ്യന്തോൾ മേഖലക്കായി ഒളരി ഗവ സ്കൂളിലും, ഒല്ലൂർ മേഖലക്കായി പനംകുറ്റിച്ചിറ ഗവ സ്കൂളിലും, ഒല്ലൂക്കര മേഖലയിൽ സോണൽ ഓഫീസിലും, വിൽവട്ടം മേഖലയിൽ ആനപ്പാറ സ്നേഹ വീട്ടിലും, വലിയാലുക്കൽ കൂർക്കഞ്ചേരി സോനലിന് സമീപമുള്ള കമ്മ്യൂണിറ്റി ഹാളിലും കമ്മ്യൂണിറ്റി കിച്ചൻ പ്രവർത്തിക്കുന്നു. ദിനം പ്രതി മൂന്ന് നേരമായി 2050 പേർക്ക് ഭക്ഷണം നൽകി വരുന്നു. രാവിലെ പ്രഭാത ഭക്ഷണവും, ഉച്ചക്കും രാത്രിയിലേക്കുമുള്ള പൊതിച്ചോറുമാണ് ഇവിടെ നിന്നും ലഭ്യമാക്കുന്നത്. വൈകീട്ട് 4 വരെ ലഭിക്കുന്ന ഫോൺ കോളുകളുടെ അടിസ്ഥാനത്തിലാണ് ഭക്ഷണം എത്തിക്കുന്നത്. കോർപ്പറേഷൻ പരിധിയിൽ

ആരംഭിച്ചിരിക്കുന്ന അഗതി സുരക്ഷ കേന്ദ്രങ്ങളിലേക്കും ഭക്ഷണം എത്തിക്കുന്നതും ഈ സമൂഹ അടുക്കളകളിൽ നിന്നാണ്.

## ക്യാമ്പുകൾ സന്ദർശിച്ചു

കോവിഡ് 19 പ്രതിരോധ നടപടികളുടെ ഭാഗമായി അന്യസംസ്ഥാന തൊഴിലാളികളുടെ ക്യാമ്പുകൾ ജില്ലാ കളക്ടർ എസ് ഷാനവാസ് സന്ദർശിച്ചു. കളക്ടറോടൊപ്പം ജില്ലയിലെ എൻഫോഴ്സ്മെന്റ് ജില്ലാ ലേബർ ഓഫിസറും നേതൃത്വം നൽകി. തൊഴിലാളികളുടെ പരാതിയിന്മേൽ അന്വേഷണം നടത്തുകയും പരിഹാരമുണ്ടാകുകയും ചെയ്തു. കൂടാതെ ആളൂർ, പറമ്പികുന്നു ഭാഗങ്ങളിൽ ചിക്കൻപോക്സ് പിടിപെട്ട 2 തൊഴിലാളികളെ ആരോഗ്യവകുപ്പുമായി ചേർന്ന് പ്രത്യേകം മുറികളിൽ പാർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പാണഞ്ചേരി പഞ്ചായത്തിലെ കണ്ണാറ ബനാന പാർക്കിൽ ചിഫ് വിപ്പ് കെ രാജനും തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥരും സന്ദർശിക്കുകയും പരാതികൾ പരിഹരിക്കുകയും ചെയ്തുവെന്നും ജില്ലാ ലേബർ ഓഫിസർ അറിയിച്ചു.

## കോവിഡ് 19: പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് തോളൂർ സി.എച്ച്.സിയ്ക്കും പാമ്പൂർ പി.എച്ച്.സി.യ്ക്കും ഒരുലക്ഷം നൽകി

കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി പുഴയ്ക്കൽബ്ലോക്ക് പഞ്ചായത്ത് പരിധിയിലെ ആറ് ആരോഗ്യസ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ച് അവലോകനയോഗം നടത്തി.ബ്ലോക്ക് പരിധിയിൽ വിദേശരാജ്യങ്ങളിൽ നിന്ന് എത്തിയ 248 പേരും ഇന്ത്യയിലെ മറ്റുസംസ്ഥാനങ്ങളിൽ നിന്നെത്തിയ 715 ഉൾപ്പെടെ 963 പേർ വീടുകളിൽ ക്വാറന്റൈനിൽ കഴിയുന്നുണ്ട്. തോളൂർ പഞ്ചായത്തിൽ 162, കൈപ്പറമ്പ് 138, അടാട്ട് -251, അവണൂർ 105, കോലഴി-259, മുളങ്കുന്നത്തുകാവ് 48 എന്നിങ്ങനെയാണ് നിരീക്ഷണത്തിലുള്ളതെന്ന് യോഗംവിലയിരുത്തി. സാമൂഹ്യവ്യാപനം തടയുന്നതിനാവശ്യമായ മുൻകരുതലുകളെല്ലാം കൈക്കൊണ്ടിട്ടുണ്ട്. അടിയന്തര സാഹചര്യം കൈകാര്യം ചെയ്യുന്നതിന് പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് ഒരുലക്ഷം വീതം തോളൂർ സാമൂഹീകാരോഗ്യ കേന്ദ്രത്തിനും, പാമ്പൂർ പി.എച്ച്.സിയ്ക്കും അനുവദിച്ചു.

പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് സി.വി കുരിയാക്കോസ് അധ്യക്ഷത വഹിച്ച യോഗത്തിൽ തോളൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് രാധാ രവീന്ദ്രൻ, മെമ്പർ തോമസ് ചിറമ്മേൽ, തോളൂർ സി.എച്ച്.സി സൂപ്രണ്ട് ഡോ.മനോജ്. സി വർഗ്ഗീസ്, മുണ്ടൂർ ഫാമിലി ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ ഡോ.ഗ്രീഷ്മ പി, അട്ടാട്ട് പി.എച്ച്.സി മെഡിക്കൽ ഓഫീസർ ഡോ.സൈമൺ ടിചൂങ്കത്ത്, പാമ്പൂർ പി.എച്ച്.സി മെഡിക്കൽ ഓഫീസർ ഡോ.നൂർജഹാൻ, ഹെൽത്ത് സൂപ്പർവൈസർ തോമസ് പി.ജെഹെൽത്ത് ഇൻസ്പെക്ടർമാരായ ഉണ്ണികൃഷ്ണൻ, രഖീഷ് കുമാർ എന്നിവർ സംസാരിച്ചു.

## കുടിവെള്ള ക്ഷാമം പരിഹരിക്കാൻ തൃശൂർ ഇറിഗേഷൻ ഡിവിഷൻ

തൃശൂർ മെഡിക്കൽ കോളേജിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി പീച്ചി വലതുകര കനാൽ തുറന്നിട്ടു. ജില്ലാ ഇറിഗേഷൻ വകുപ്പാണ് ജല സംഭരണത്തിന്റെ ചുക്കാൻ പിടിക്കുന്നത്. മെഡിക്കൽ കോളേജ് വരെയുള്ള പീച്ചി കനാലിന് ഏകദേശം 60 കിലോമീറ്റർ നീളമുണ്ട്. അത്രയും പ്രദേശങ്ങളിലെ കുടിവെള്ളക്ഷാമത്തിന് കൂടി ഈ ജലവിതരണം പരിഹാരമാകും. അവിടുത്തെ കുളങ്ങൾ നിറഞ്ഞതിനുശേഷം ഉത്തംകുളങ്ങര, കോലഴി, വിയ്യൂർ, വിൽവട്ടം, ചേറൂർ, രാമവർമ്മപുരം പോലീസ് അക്കാദമി തുടങ്ങിയ സ്ഥലങ്ങളിലേക്കും ബ്രാഞ്ച് കനാലുകൾ വഴി വെള്ളം നൽകും. തുടർന്ന് ചിറക്കക്കോട് നിന്ന് ഒല്ലൂക്കര ബ്രാഞ്ച് കനാലിലൂടെ വെള്ളം തിരിച്ചു വിട്ട് മുടിക്കോട്, നടത്തറ, പടവരാട്, ചിയാരം, കാളത്തോട് പ്രദേശങ്ങളിലും കൊഴുക്കുള്ളി, നെട്ടിശ്ശേരി ബ്രാഞ്ചുകളിലൂടെയും ജലവിതരണം പൂർത്തീകരിക്കും. ഒരുദിവസം കനാലിലൂടെ 60 കോടി ലിറ്റർ വെള്ളമാണ് ഇറിഗേഷൻ വകുപ്പ് വിതരണം ചെയ്യുന്നത്.

കനാലുകൾ കൃത്യമായി പരിശോധിക്കാൻ കഴിയുന്നില്ല. കനാലിൽ വരുന്ന ബ്ലോക്കുകൾ ഉടനടി നീക്കം ചെയ്യാൻ കഴിയാതെ വരുന്നതും കനാലിലൂടെ മാലിന്യങ്ങൾ വരുന്നതും

ജലവിതരണത്തെ ബാധിക്കുന്നുണ്ട്. കനാലിലെ മാലിന്യങ്ങൾ എടുത്തു മാറ്റാനായി പരിശീലനമുള്ള തൊഴിലാളികൾ തന്നെ വേണമെന്നിരിക്കേ കോൺട്രാക്ടർമാർക്ക് തൊഴിലാളികളെ എത്തിക്കുന്നതിന് ഇപ്പോഴത്തെ സാഹചര്യത്തിൽ നിയന്ത്രണമുണ്ട്. ജല വിതരണ പ്രവർത്തനങ്ങൾ സുഖമമാക്കാൻ ജില്ലാ ഇറിഗേഷൻ വിഭാഗം ശ്രമിക്കുന്നുണ്ടെന്ന് തൃശൂർ ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനിയർ കെ. ബാലശങ്കർ പറഞ്ഞു.